**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1611** **08-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ സംസ്ഥാനത്ത് ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയുടെ കണക്ക് വ്യക്തമാക്കുമോ; | (എ) | 2016 മുതൽ സംസ്ഥാനത്ത് 587.7103 ഹെക്ടർ (1452.2321 ഏക്കർ) മിച്ചഭൂമി ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | ഏറ്റെടുത്ത മിച്ചഭൂമിയിൽ പതിച്ചുനൽകിയത് എത്രയെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയിൽ 287.7704 ഹെക്ടർ (711.0806 ഏക്കർ) മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | അവശേഷിക്കുന്ന മിച്ചഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ; | (സി) | മിച്ചഭൂമി കണ്ടെത്തുന്നതിനും ഏറ്റെടുക്കുന്നതിനും വിതരണം ചെയ്യുന്നതിനും ശക്തമായ നടപടികൾ സർക്കാർ അനുവർത്തിച്ച് വരുന്നു.<br><br>1) എല്ലാ താലൂക്കുകളിലെയും താലൂക്ക് ലാൻഡ് ബോർഡുകളെ പുന:സംഘടിപ്പിച്ചിട്ടുണ്ട്.<br><br>2) കേസുകൾ തീർപ്പാക്കുന്നതിനും മറ്റുമായി താലൂക്ക് ലാൻഡ് ബോർഡ് ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നു. ഓരോ താലൂക്ക് ലാൻഡ് ബോർഡിനും കേസ് തീർപ്പാക്കുന്നതിന് ടാർജറ്റും സമയക്രമവും നിശ്ചയിച്ച് നൽകിയിട്ടുണ്ട്.<br><br>3) യൂണിക് തണ്ടപ്പേർ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.ഇതിലൂടെ സംസ്ഥാനത്ത് വിവിധ വില്ലേജുകളിലായി ഭൂമി ആർജിച്ചാലും ഭൂപരിധി അധികരിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിയും.<br><br>4) പരിധിയിലധികം ഭൂമി ആർജിക്കുന്നവരുടെ പേരിൽ മിച്ചഭൂമി കേസുകൾ താലൂക്ക് ലാൻഡ് ബോർഡ് മുഖാന്തിരം രജിസ്റ്റർ ചെയ്യുന്നുണ്ട്.<br><br>5) താലൂക്ക് ലാൻഡ് ബോർഡുകളുടെ പ്രവർത്തന പുരോഗതി അവലോകനം എല്ലാ മാസവും നടത്തിവരുന്നു.<br><br>6) മിച്ചഭൂമി കേസുകൾ തീർപ്പാക്കുന്നത് ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 11/10/2022 ലെ |

| | | | |
|---|---|---|---|
| | | | ജി.ഒ.(എം.എസ്) നം.235/2022/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോട്ടയം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ സോണുകളിലായി നാല് സോണൽ ലാൻഡ് ബോർഡ് ചെയർമാൻമാരെ നിയമിച്ചിട്ടുള്ളതും ആയതുമായി ബന്ധപ്പെട്ട നടപടികൾ തുടർന്നുവരുന്നതുമാണ്. |
| (ഡി) | ചെങ്ങന്നൂർ മണ്ഡലത്തിൽ 2016 മുതൽ ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയുടെ കണക്ക് വ്യക്തമാക്കുമോ; പ്രസ്തുത മണ്ഡലത്തിൽ ഭൂരഹിതരായവർക്ക് ഭൂമി പതിച്ചുനൽകുന്നത് പരിഗണനയിലുണ്ടോയെന്നറിയിക്കാമോ? | (ഡി) | ചെങ്ങന്നൂർ താലൂക്കിന്റെ പരിധിയിൽ മിച്ചഭൂമിയില്ലാത്തതിനാൽ 2016 മുതൽ മിച്ചഭൂമി ഏറ്റെടുത്തിട്ടില്ല. ടി താലൂക്കിൽ ഭൂരഹിതരായവർക്ക് അർഹതയ്ക്ക് വിധേയമായി ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ